**20U324** (Pages: 2) Name: ……………………...

Reg. No: …………………...

**THIRD SEMESTER B.A./B.Sc./B.S.W. DEGREE EXAMINATION, NOVEMBER 2021**

(CBCSS-UG)

(Regular/Supplementary/Improvement)

**CC19U MAL3 A09 – മലയാളസാഹിത്യം 3**

(Malayalam- Common Course)

(2019 Admission onwards)

Time:2 ½ Hours. Maximum: 80 Marks

Credit:4

## സെക്ഷൻ - എ

**I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക. രണ്ട് മാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ (പരമാവധി 25 മാർക്ക്)**

1. ഐതിഹ്യങ്ങളെയോ പുരാവൃത്തങ്ങളെയോ അടിസ്ഥാനമാക്കി എം. ടി. വാസുദേവൻ നായർ എഴുതിയ തിരക്കഥകളുടെ പേരെഴുതുക.
2. വി. ടി. ഭട്ടതിരിപ്പാടിന് വിവാഹകാര്യത്തിൽ അവിചാരിതമായി നേരിട്ട ദുര്യോഗമെന്ത്?
3. ഗുപ്തകാശിക്ക് ആ പേരു വരാനുള്ള കാരണമെന്ത്?
4. എവിടെയാണ് "ഗണേശ് പോയിൻറ് "?
5. " കല്ലും മരവും ദേവിയും ദേവനുമായി മാറിക്കഴിഞ്ഞാൽ..... പിന്നെ തച്ചൻ തീണ്ടില്ല" സാരമെന്ത്?
6. എഞ്ചിനീയറിംഗ് വിദ്യാർഥിയായിരുന്ന രാജനെ അറസ്റ്റ് ചെയ്തതിന് പോലീസ് പറഞ്ഞ കാരണമെന്ത്?
7. കാവാലം നാരായണപ്പണിക്കരുടെ തനത് നാടകങ്ങളുടെ പേരെഴുതുക.
8. ചലച്ചിത്രത്തിന്റെ ഭാഷ എന്നത് കൊണ്ട് അർത്ഥമാക്കുന്നത് എന്ത് ?
9. വി . ടി ഭട്ടതിരിപ്പാടിന്റെ ആത്മകഥാസമാഹാരങ്ങൾ ഏതെല്ലാം?
10. " അയാൾടെ തൊഴിലിൽ അയാളും തമ്പുരാനാണ്....!" ആരെക്കുറിച്ചാണ് പരാമർശം? സന്ദർഭമെന്ത്?
11. നാട്ടിൽ തിരിച്ചെത്തിയ പി.കുഞ്ഞിരാമൻ നായർ അമ്മയെക്കുറിച്ചോർക്കുന്നതെന്ത്?

12. 'ഞാനൊരു ധിക്കാരത്തിന് മുതിരുകയാണ് എന്ന് റോസി തോമസ് പറയുന്നതിന്റെ പൊരുളെന്ത്?
13. ഈച്ചരവാര്യർ കരുണാകരനെ കാണാനായി തിരുവനന്തപുരത്തെ മൻമോഹൻ പാലസിൽ എത്തിച്ചേർന്നത് എന്തിനുവേണ്ടിയായിരുന്നു?
14. 'ഭരതവാക്യ'ത്തിലെ നടൻ സഹോദരിയോട് ചെയ്ത തെറ്റെന്ത്?
15. "ആശാരി കാറ്റ് മറച്ചത് ഒരത്ഭുതാണേയ്......" വിവക്ഷയെന്ത്?

**(Ceiling: 25 Marks)**

**സെക്ഷൻ - ബി**

**II. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. അഞ്ച് മാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ (പരമാവധി 35 മാർക്ക്)**

16. " പാവം! വിളക്കൂതിക്കെടുത്തിയിട്ട് നിഴലു തിരയുന്ന കളിക്കുഞ്ഞ്! " മിത്രം, നടനെ ഇത്തരത്തിൽ വിമർശിക്കുന്നതിന്റെ പൊരുളെന്ത്?
17. ജ്യോഷിമഠിലെ 'ശ്രീ ശങ്കരാ അദ്വൈതാശ്രമ'ത്തിൽ ചെന്നപ്പോൾ രാജൻ കാക്കനാടനുണ്ടായ അനുഭവങ്ങൾ എന്തെല്ലാം?
18. പെരുന്തച്ചൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.
19. മകനെത്തേടിയിറങ്ങിയ ഈച്ചരവാര്യരുടെ അനുഭവങ്ങൾ ക്രോഡീകരിക്കുക.
20. സി.ജെ എന്ന വ്യക്തിയുടെ സ്വഭാവസവിശേഷതകൾ റോസി തോമസ് അവതരിപ്പിക്കുന്നതെങ്ങനെ?
21. പി.കുഞ്ഞിരാമൻ നായരുടെ ജീവിതവീക്ഷണം 'പുഷ്പഗോപുരത്തിൽ' പ്രകടമാകുന്നതെങ്ങനെ?
22. "ശൈശവത്തിൽ നുകർന്നു പോയ മാതൃ വാത്സല്യത്തിന്റെ മാധുര്യം യുവത്വത്തിൽ പത്നീപ്രണയരൂപത്തിൽ പകർന്നു കിട്ടുമെന്നു ഞാനാശിച്ചു " വി.ടി ഭട്ടതിരിപ്പാട് ഇത്തരത്തിൽ ചിന്തിയ്ക്കാനിടയായ സാഹചര്യമെന്ത്?
23. മലയാളത്തിലെ തനത് നാടകവേദിയെ പരിചയപ്പെടുത്തുക.

**(Ceiling: 35 Marks)**

**സെക്ഷൻ - സി**

**III. ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.**

**(10 മാർക്ക് വീതം)**

24. ഹിമാലയ യാത്രകളുടെ ഗാംഭീര്യവും ചൈതന്യവും പ്രകാശിതമായ യാത്രാനുഭവമാണ് രാജൻ കാക്കനാടന്റെ 'ഹിമവാൻന്റെ മുകൾത്തട്ടിൽ' വിലയിരുത്തുക.
25. ഒരു പ്രാദേശിക മിത്തിന്റെ പുറം തോടിനുള്ളിൽ അനേകം സാമൂഹിക അവസ്ഥകളെ ഉൾക്കൊള്ളിച്ചു എന്നതാണ് 'പെരുന്തച്ചൻ' എന്ന ചലച്ചിത്രത്തിന്റെ ആന്തരിക സൗന്ദര്യം. വിലയിരുത്തുക.
26. 'ഒരു വ്യക്തിയുടെ ആത്മാന്വേഷണ സഞ്ചാരമാണ് ഭരതവാക്യം' എന്ന പ്രസ്താവത്തെ നിരൂപണം ചെയ്യുക.
27. ആത്മകഥകൾ വ്യക്തി ചരിത്രത്തിനുമപ്പുറം സാമൂഹ്യ ചരിത്രങ്ങളെ കൂടി പ്രതിഫലിപ്പിക്കുന്നുണ്ട്. പാഠ്യഭാഗങ്ങളെ ആസ്പദമാക്കി വിലയിരുത്തുക?

**(2 × 10 = 20 Marks)**

*******